ഇലക്ട്രോണിക്കായി കമ്പ്യൂട്ടർ സംവിധാനംവഴി തയ്യാറാക്കി അതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഡിജിറ്റലായി ഒപ്പ് രേഖപ്പെടുത്തുന്നു. ഒപ്പ് രേഖപ്പെടുത്തിയ വേജ് ലിസ്റ്റുകൾ ഉടൻതന്നെ ഫണ്ട് ട്രാൻസ്ഫർ ഓർഡറുകളായി ഈ ആവശ്യത്തിലേക്ക് നിശ്ചയിച്ചിട്ടുള്ള നോഡൽ ബാങ്കുകളിലേക്ക് ഇലക്ട്രോണിക്കായി അയച്ചുകൊടുക്കുന്നു. നോഡൽ ബാങ്കുകൾക്ക് ലഭിക്കുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ പരിശോധിച്ച് പ്രസ്തുത ബാങ്കുകൾ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് തുക വരവുവയ്ക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം, ആവശ്യമായ കമ്പ്യൂട്ടറുകൾ, സാങ്കേതിക ജീവനക്കാർ എന്നീ സൗകര്യങ്ങൾ പഞ്ചായത്തുകളിൽ ഒരുക്കിയിട്ടുണ്ട്.

(ഡി) ഇ-എഫ്.എം.എസ്. നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കുകളും പോസ്റ്റ് ഓഫീസുകളും നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC), RBI എന്നീ സ്ഥാപനങ്ങൾ സഹകരിക്കുന്നുണ്ട്. നിലവിൽ പഞ്ചായത്തുകൾ അയയ്ക്കുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സംസ്ഥാനത്തെ ദേശസാത്കൃത ബാങ്കുകളായ കാനറാ ബാങ്ക്, എസ്.ബി.റ്റി., എസ്.ബി.ഐ. എന്നിവയാണ് സ്വീകരിച്ച് തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് നൽകുന്നത്.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക സംബന്ധിച്ച വിവരം

58 (1494) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14, 2014-15 വർഷങ്ങളിൽ മഹാത്മാഗന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് എത്ര തുക വീതം അനുവദിച്ചു ; ഇതിൽ എത്ര തുക ചെലവാക്കി ; ബാക്കി തുക ചെലവഴിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോവർഷവും എത്ര തൊഴിൽ ദിനങ്ങൾ വീതം സൃഷ്ടിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly